ഉത്തരം

(എ) ജില്ലാ ആസ്ഥാനങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ പീക്ക് ലോഡ് സമയത്ത് അരമണിക്കൂർ ചാക്രികലോഡ് ഷെഡ്ഡിംഗ് ഇപ്പോൾ നിലവിലുണ്ട്.

(ബി) പ്രസരണ-വിതരണ ശൃംഖലയുടെ ശേഷിക്കുറവ് കാരണമാണ് ലോഡ് ഷെഡ്ഡിംഗ് തുടരേണ്ടിവരുന്നത്. ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിച്ചാൽ, പീക്ക് ലോഡ് സമയത്ത് ഇപ്പോൾതന്നെ പൂർണ്ണശേഷിയിൽ പ്രവർത്തിക്കുന്ന പ്രസരണ-വിതരണ ലൈനുകൾ ഓവർലോഡ് ആകുകയും വൈദ്യുതി വിതരണം തടസ്സപ്പെടുകയും ചെയ്യുന്നതാണ്.

(സി) 1999 മേയ് മാസത്തിൽ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ വിവരം താഴെ കൊടുക്കുന്നു.

ജലവൈദ്യുതി - 493.8484 മില്യൻ യൂണിറ്റ്

താപവൈദ്യുതി - (182.165) മില്യൻ യൂണിറ്റ്

(ഡി) 1999 മേയ് മാസത്തിലെ കണക്ക് താഴെ കൊടുത്തിട്ടുണ്ട്.

വിലയ്ക്ക് വാങ്ങിയ താപ വൈദ്യുതി (എൻ.ടി.പി.സി.) - 153.593 മില്യൻ യൂണിറ്റ്

കേന്ദ്രഗ്രിഡിൽനിന്നും ലഭിച്ച വൈദ്യുതി - 273.1116 മില്യൻ യൂണിറ്റ്

(ഇ) വിശദാംശങ്ങൾ (ബി) ഉൾപിരിവിന്റെ മറുപടിയിൽ ചേർത്തിട്ടുണ്ട്.

ലോഡ് ഷെഡ്ഡിംഗ് തുടങ്ങുന്നതിന്റെ കാരണം

129 (912)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. ജോസഫ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ ലോഡ് ഷെഡ്ഡിംഗ് തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികളിൽ എല്ലാം കൂടി 1995 ജൂൺ 10-ാം തീയതി വൈദ്യുതോൽപ്പാദനത്തിനുപയുക്തമായ എത്ര ജലം ഉണ്ടായിരുന്നു; എത്ര യൂണിറ്റ് വൈദ്യുതി അതിൽനിന്നും ഉൽപ്പാദിപ്പിക്കാമായിരുന്നു;

(സി) ഈ വർഷം ജൂൺ പത്തിലെ സ്ഥിതിവിവരക്കണക്ക് നൽകുമോ;

(ഡി) ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പീക്ക് ലോഡ് സമയത്തെ വൈദ്യുതി ഉപയോഗമനുസരിച്ചുള്ള വൈദ്യുതി വഹിക്കുവാനുള്ള പ്രസരണ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടേയും അപര്യാപ്തതയാണ് ലോഡ് ഷെഡ്ഡിംഗ് തുടരുന്നതിന്റെ കാരണം.

(ബി) 1995-ജൂൺ 10-ാം തീയതി എല്ലാ ജല സംഭരണികളിലുമായി 650.09 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളമുണ്ടായിരുന്നു.

(സി) ഈ വർഷം ജൂൺ പത്താം തീയതി എല്ലാ ജലസംഭരണികളിലുമായി 1263.05 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളമുണ്ടായിരുന്നു.

(ഡി) പീക്ക് ലോഡ് സമയത്തെ വൈദ്യുതി ഉപഭോഗമനുസരിച്ചുള്ള വൈദ്യുതി വഹിക്കുവാൻ കഴിയത്തക്കവണ്ണം പ്രസരണവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും പണി പൂർത്തിയാകുന്നതോടെ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും പിൻവലിക്കാൻ സാധിക്കുന്നതാണ്.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനം

130 (913)ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98 എന്നീ ഓരോ വർഷങ്ങളിലും വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ ഓരോ വർഷത്തേയും ലാഭം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിച്ചതെങ്കിൽ ഓരോ വർഷത്തെയും നഷ്ടം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) 1995-96, 1996-97 എന്നീ വർഷങ്ങളിലെ ബോർഡിന്റെ വാർഷിക കണക്കനുസരിച്ചും 1997-98ലെ ആഡിറ്റിനു വിധേയമാക്കാത്ത ബോർഡിന്റെ വാർഷിക കണക്കനുസരിച്ചുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ലാഭം
1995-96	22.76 കോടി രൂപ
1996-97	23.99 കോടി രൂപ
1997-98	24.62 കോടി രൂപ

ഈ തുക ലാഭമായി കാണിച്ചിരിക്കുന്നത് സംസ്ഥാന സർക്കാരിൽ നിന്നും സബ്സിഡിയായി 1995-96ൽ 58.30 കോടി രൂപയും, 1996-97ൽ 278.02 കോടി രൂപയും, 1997-98ൽ 309.67 കോടി രൂപയും ലഭ്യമാകുമെന്ന് കണക്കിലെടുത്തുകൊണ്ടാണ്. എന്നാൽ 1996-97ൽ സബ്സിഡി ഇനത്തിൽ ലഭ്യമായ 31.50

LIBRARY ARCHIVES Kerala Legislative Assembly